കില
വാർത്താപത്രിക

VOLUME-10
ISSUE-12
DECEMBER 2017

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in



വടക്കാഞ്ചേരി പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചനായോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു **പി.കെ.ബിജു എം.പി.** സംസാരിക്കുന്നു

# ഹരിതകേരളം മിഷനിലൂടെ കേരളത്തിന്റെ പച്ചപ്പ് വീണ്ടെടുക്കണം: പി. കെ. ബിജു എം. പി

ഹരിതകേരളം മിഷനിലൂടെ കേരളത്തിന്റെ പച്ചപ്പ് വീണ്ടെടുക്കാൻ കഴിയണമെന്ന് പി.കെ.ബിജു എം.പി. വടക്കാഞ്ചേരി പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചനായോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാടിന്റെ പച്ചപ്പ് ജീവന്റെ നിലനിൽപ്പിനു മാത്രമല്ല നമ്മുടെ സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ടു കിടക്കുന്നു. നദികളിലെക്കൊഴുകിയെത്തുന്ന നീർച്ചാലുകൾ നേർത്തു നേർത്തു ഇല്ലാതായി. മാലിന്യം നാടിനെ മലീമസമാക്കുന്നു. ജൈവസമ്പത്തു പൂർണ്ണമായി നശിച്ചാൽ മനുഷ്യവാസത്തിനുപോലും സാദ്ധ്യമല്ലാതാകും. ഇതെല്ലാം നാം ആശങ്കയോടെ കാണേണ്ടതാണ്. വാഴാനി കാടുകളിൽ നിന്നുദ്ഭവിക്കുന്ന വടക്കാഞ്ചേരി പുഴ 2500 ഹെക്ടർ സ്ഥലത്തെ കൃഷിക്കു ജലം നൽകിയിരുന്നു. സമീപപ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും ജലസമൃദ്ധമാക്കിയിരുന്നു. ജനകീയ കൂട്ടായ്മയിലൂടെ വടക്കാഞ്ചേരി പുഴയെ പുനസൃഷ്ടിക്കാനും സംരക്ഷിക്കാനുമാവണമെന്നു അദ്ദേഹം പറഞ്ഞു.

വടക്കാഞ്ചേരി പുഴ സംരക്ഷണ പരിപാടി ദേശീയതലത്തിൽ തന്നെ മാതൃകയാകണമെന്നു ചടങ്ങിൽ സ്വാഗതമാശംസിച്ച ജില്ലാകലക്ടർ ഡോ.എ.കൗശികൻ പറഞ്ഞു. പുഴ സംരക്ഷണത്തിനായുള്ള കരടു പദ്ധതിരേഖ പി.വിനോദ് കുമാർ അവതരിപ്പിച്ചു. പതിനെട്ടുമാസം കൊണ്ട് ഫലം കണ്ടുതുടങ്ങത്തക്കവിധത്തിലുള്ള കരടുരേഖയിൽ നദിയുടെ സംരക്ഷണത്തിനും മാലിന്യനീക്കത്തിനും സ്രോതസ്സുകളുടെ സംരക്ഷണത്തിനും നീർച്ചാലുകളെ ശക്തിപ്പെടുത്തുന്നതിനും പുഴയോര സംരക്ഷണത്തിനും ഒട്ടേറെ പരിപാടികൾ നിർദ്ദേശിച്ചിട്ടുണ്ട്.ജനകീയസംരംഭത്തോടെയുള്ള പ്രവർത്തനങ്ങൾക്കു കമ്മിറ്റികളും സബ്കമ്മിറ്റികളും രൂപീകരിക്കും. ഇവർക്കുള്ള പരിശീലനപരിപാടിക്കു കില നേതൃത്വം നൽകും. സബ് കലക്ടർ ഡോ.രേണുരാജ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോർ എന്നിവർ സംസാരിച്ചു.

വടക്കാഞ്ചേരി, കുന്നംകുളം, മണലൂർ നിയോജകമണ്ഡലങ്ങളിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, സന്നദ്ധസംഘടനാപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## സംസ്ഥാനതല റിസോഴ്സ് ടീമിന്റെ ആദ്യയോഗം

**ജില്ലാ**പദ്ധതി തയ്യാറാക്കുന്നതിനുള്ള സംസ്ഥാനതല റിസോഴ്സ് ടീമിന്റെ ആദ്യയോഗം കിലയിൽ ചേർന്നു. സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, എസ്.ആർ.ജി കൺവീനർ വി.എസ് ബിജു, എസ്.ആർ.ജി. അംഗങ്ങളായ എസ്.ജമാൽ, ജി.കെ.സദനരാജൻ, പ്രൊഫ. പി.കെ.രവീന്ദ്രൻ, ഡോ.രമാകാന്തൻ, ഡോ.ജെ.ബി.രാജൻ, ഡോ.ഭാസ്കരൻ, കസ്തൂരി രംഗൻ, കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജഗദമ്മ തുടങ്ങിയവർ പങ്കെടുത്തു. പദ്ധതി തയ്യാറാക്കുന്നതിനു ജില്ലകളിലെ പ്രവർത്തനങ്ങൾക്കു പിന്തുണാസംവിധാനമായി പ്രവർത്തിക്കാൻ തീരുമാനിച്ചു.



മാലിന്യ-ശുചിത്വ മേഖലയിൽ ജില്ലാതല കർമ്മപരിപാടി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ ചേർന്ന ദ്വിദിന സംസ്ഥാനതല ശില്പശാല

# മാലിന്യ–ശുചിത്വ മേഖലയിൽ ജില്ലാതല കർമ്മപരിപാടി

**മാ**ലിന്യ-ശുചിത്വമേഖലയിൽ ജില്ലാതലകർമ്മപരിപാടി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനതല ശില്പശാല കിലയിൽ സംഘടിപ്പിച്ചു. കിലയും ഹരിതകേരളം മിഷനും ശുചിത്വമിഷനും സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചത്. ഹരിതകേരളംമിഷൻ സാങ്കേതികഉപദേഷ്ടാവ് ഡോ.അജയകുമാർവർമ്മ ആമുഖാവതരണം നടത്തി. ശുചിത്വമിഷൻ ഡയറക്ടർ എൽ.പി.ചിത്തർ, ക്ലീൻ കേരളകമ്പനി മാനേജിംഗ് ഡയറക്ടർ കബീർ ബി.ഹരൂൺ, ഹരിതകേരളം കൺസൽട്ടന്റ് എൻ.ജഗജീവൻ, പരിശീലനവിഭാഗം കൺസൽട്ടന്റ് ടി.പി.സുധാകരൻ,ഡോ.ജെ.ബി. രാജൻ തുടങ്ങിയവർ സം സാരിച്ചു. ഓരോജില്ലയിലും ഇതുവരെ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവതരണങ്ങളുണ്ടായി.ശുചിത്വമിഷനിലെ ജില്ലാതല കോർഡിനേറ്റർമാർ, സാങ്കേതിക വിദഗ്ദ്ധർ,ഹരിതകേരളം മിഷൻ ജില്ലാതല കോർഡിനേറ്റർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ തുടങ്ങിയവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

# ജലസംരക്ഷണം: പരിശീലകപരിശീലനം പൂർത്തിയായി

ജലസംരക്ഷണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയെ അടിസ്ഥാനപ്പെടുത്തിയുള്ള സംസ്ഥാനതല പരിശീലകരുടെ പരിശീലനം കിലയിൽ പൂർത്തിയായി. രണ്ടു ബാച്ചുകളിലായി മൂന്നുദിവസം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ 220 പേർ പങ്കെടുത്തു. ജലവിഭവ വകുപ്പിലെ സീനിയർ എഞ്ചിനിയർമാർ, കൃഷി വകുപ്പിലെ അസി.ഡയറക്ടർമാർ, തൊഴിലുറപ്പു പദ്ധതിയിലെ എഞ്ചിനീയർമാർ എന്നിവർക്കാണ് സാങ്കേതിക പരിശീലനം നൽകിയത്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ, സാങ്കേതിക ഉപദേഷ്ടാവ് ഡോ. അജയകുമാർ വർമ്മ, പരിശീലനവിഭാഗം കൺസൽട്ടന്റ് ടി.പി.സുധാകരൻ സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷ്ണർ എ.നിസാമുദ്ദീൻ, മണ്ണ് സംരക്ഷണ ഓഫീസർ പി.യു.ദാസ്, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പ്രോഗ്രാം ഓഫീസർ പി.ബാലചന്ദ്രൻ നായർ, ഇറിഗേഷൻ വകുപ്പു ചീഫ് എഞ്ചിനിയർ ടെറൻസ് ആന്റണി, മണ്ണ് സംരക്ഷണ വകുപ്പു അസി. ഡയറകട്ർ എസ് അരുൺകുമാർ തുടങ്ങിയ വിദഗ്ദ്ധരാണ് വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തത്.

ജലസംരക്ഷണ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ-മുനിസിപ്പൽ തലത്തിലുള്ള സാങ്കേതിക വിദഗ്ദ്ധർക്കുള്ള പരിശീലനം ഡിസംബർ ആദ്യവാരത്തിൽ തുടങ്ങി. സംസ്ഥാനത്തൊട്ടാകെ 8,000 പേർക്കു വിവിധ ജില്ലാകേന്ദ്രങ്ങളിൽ പരിശീലനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിദ്ധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു വിവിധ വകുപ്പുകളേയും തദ്ദേശസ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തമാക്കുകയാണ് പരിശീലന ലക്ഷ്യം. മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭജല പരിപോഷണം ഉറപ്പാക്കുക എന്നിവ ജലസംരക്ഷണ ഉപമിഷന്റെ പൊതുലക്ഷ്യമാണ്.



കിലയിൽ ചേർന്ന സംസ്ഥാനതല റിസോഴ്സ് ടീമിന്റെ ആദ്യ യോഗത്തിൽ ഡോ.കെ.എൻ.ഹരിലാൽ, ഡോ.ജോയ് ഇളമൺ, വി.എസ് ബിജു, എസ്.ജമാൽ, ജി.കെ.സദനരാജൻ, പ്രൊഫ.പി.കെ.രവീന്ദ്രൻ, ഡോ.രമാകാന്തൻ, ഡോ.ജെ.ബി.രാജൻ, ഡോ.ഭാസ്കരൻ, കസ്തൂരിരംഗൻ, കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജഗദമ്മ തുടങ്ങിയവർ



ജനകീയാസൂത്രണത്തിന്റെ ഭാഗമായ സാമൂഹ്യ വിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെട്ട്
കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിശീലകരുടെ പരിശീലനം

# നവകേരളത്തിനായി സാമൂഹ്യ വിദ്യാഭ്യാസ പരിപാടി: കിലയിൽ പരിശീലക പരിശീലനം

ജനകീയാസൂത്രണത്തിന്റെ ഭാഗമായ സാമൂഹ്യവിദ്യാഭ്യാസപരിപാടിയുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലകരുടെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും എന്താണെന്നും അവയുടെ പ്രവർത്തനരീതി, സംവിധാനങ്ങൾ, അതിൽ പൊതുജനങ്ങൾക്കുള്ള പങ്ക് എന്നിവ ബോധ്യപ്പെടുത്തി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് സാമൂഹ്യവിദ്യാഭ്യാസപരിപാടി. വിവിധ ഘട്ടങ്ങളിലായി പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തലത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യാധിഷ്ഠിത സംഘടനകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരുടെ നേതൃത്വത്തിൽ പ്രാദേശികമായി തുടർപരിപാടികളും സംഘടിപ്പിക്കുകയാണ് ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്. നവകേരള സൃഷ്ടിക്കായി വിവിധ സെഷനുകളുടെ പ്രവർത്തനങ്ങൾ, അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ, പ്രാദേശിക ആസൂത്രണം, നിർവഹണം, വിഭവ സമാഹരണം എന്നിവയിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു ജനങ്ങളെ സജ്ജമാക്കാനും ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു. അധികാരവികേന്ദ്രീകരണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പ്രൊഫ.പി.കെ.രവീന്ദ്രന്റേതായിരുന്നു ആദ്യത്തെ ക്ലാസ്സ്. ഹരിതകേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവ് ഡോ.അജയകുമാർ വർമ്മ, പ്രൊഫ.ടി.പി.കുഞ്ഞിക്കണ്ണൻ എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു. കോർഡിനേറ്റർ മദൻമോഹൻ പരിശീലനപരിപാടി വിശദീകരിച്ചു. വിവിധ ജില്ലകളിൽനിന്നുള്ള 210 പേരാണ് രണ്ടുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്. എട്ടുഗ്രൂപ്പുകളായി തിരിഞ്ഞ് ആദ്യം ഗ്രൂപ്പുചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ഓരോ ഗ്രാമപഞ്ചായത്തിൽനിന്ന് പത്തുപേർ വീതവും നഗരസഭകളിൽനിന്ന 15പേർ വീതവും കോർപ്പറേഷനുകളിൽനിന്ന് 25 പേർ വീതവുമാണ് പരിശീലനപരിപാടിയിൽ പങ്കെടുക്കുക. വിവിധ ജില്ലകൾ ചേർന്നുള്ള മേഖലാപരിശീലനങ്ങളും തുടർന്ന് പ്രാദേശിക പരിശീലനങ്ങളും നടക്കും.




ജി.എസ്.ടി യെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്കു അവബോധം നൽകുന്നതിനു
വെർച്വൽ ക്ലാസ്സ് റൂം വഴി കിലയിൽ സംഘടിപ്പിച്ച പരിശീലനം

# ജി.എസ്.ടി: തദ്ദേശസ്ഥാപനങ്ങൾക്കു പരിശീലനം

**ജി.**എസ്.ടി യെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്കു അവബോധം നൽകുന്നതിനു കിലയിലെ വെർച്വൽ ക്ലാസ്സ് റൂം (വിദൂരദൃശ്യ ആശയവിനിമയ പഠനമുറി) വഴി പരിശീലനം നൽകി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖ പ്രഭാഷണം നടത്തി. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു. രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ(ആർ.ജി.എസ്.എ) നോഡൽ ഓഫീസർ ഡോ.പീറ്റർ എം.രാജ് സംസാരിച്ചു. സംസ്ഥാന ജി.എസ്.ടി. അസി.കമ്മീഷ്ണർ മൻസൂർ അലി, അസി.സെയിൽ ടാക്സ് ഓഫീസർ ഷംസുദ്ദീൻ എന്നിവർ നേതൃത്വം നൽകി. രാവിലേയും ഉച്ചയ്ക്കുശേഷവും രണ്ടു സെഷനുകളിലായി ഏഴുവീതം ജില്ലകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ് വിവിധ കേന്ദ്രങ്ങളിൽ പരിശീലനത്തിൽ പങ്കെടുത്തത്.



# നാഗാലാന്റ് ഉദ്യോഗസ്ഥർ കിലയിൽ

**കേ**രളത്തിലെ പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ചു പഠിക്കുന്നതിനു നാഗാലാന്റ് സിവിൽ സർവീസിലെ പ്രൊബേഷണറി ഉദ്യോഗസ്ഥർ കിലയിലെത്തി.

പന്ത്രണ്ടംഗസംഘത്തിനു നാലുദിവസങ്ങളിലായി പ്രാദേശികഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കില പരിശീലനം നൽകി. എറണാകുളം ജില്ലാ പഞ്ചായത്ത് സന്ദർശിച്ച സംഘം ജില്ലാ കലക്ടർ, കൊച്ചി സിറ്റി പൊലിസ് കമ്മീഷ്ണർ എന്നിവരുമായി ചർച്ച നടത്തി.ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പച്ചക്കറി കൃഷി, ശുചിത്വപരിപാലന സംവിധാനം എന്നിവയെക്കുറിച്ചു സംഘം ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി.

കിലയിലെ പരിശീലന പരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു.



മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കിലയിൽ സംഘടിപ്പിച്ച പരിശീലകരുടെ പരിശീലനം

# മാനസികസമ്മർദ്ദം കുറയ്ക്കാൻ ഇനി ബ്ലോക്ക് പഞ്ചായത്തും

**മാ**നസികസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള നൂതന പദ്ധതിയുമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്. വിദ്യാർത്ഥികൾ, സ്ത്രീകൾ, വയോജനങ്ങൾ, അവശതയനുഭവിക്കുന്ന മറ്റു വിഭാഗങ്ങൾ എന്നിവരുടെ മാനസികസമ്മർദ്ദം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്തു ഇതാദ്യമായിട്ടാണ് ഒരു തദ്ദേശഭരണസ്ഥാപനം ഇത്തരം പദ്ധതി ഏറ്റെടുക്കുന്നതെന്നു കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.മനോജ്കുമാർ പറഞ്ഞു. ആത്മഹത്യ പ്രവണത കുറയ്ക്കാനുള്ള ബോധവൽക്കരണവും ലഹരിവിമുക്ത ക്യാമ്പയിനും ഇതിന്റെ ഭാഗമാണ്.

ഇതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച പരിശീലകരുടെ പരിശീലനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മനോജ്കുമാർ അദ്ധ്യക്ഷത വഹിച്ചു. മെമ്പർ ശൈലജ സംസാരിച്ചു.ബ്ലോക്ക് പഞ്ചായത്തിലെ ജൻഡർ റിസോഴ്സ് ടീമിലെ 20 പേരാണ് മൂന്നുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്.തൃശ്ശൂർ മെഡിക്കൽ കോളജിലെ സൈക്യാട്രി വിഭാഗം മേധാവി ഡോ.കെ.എസ്.ഷാജി, തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രിയിലെ ഡോ.സുബ്രഹ്മണ്യൻ, സിന്ധു അനൂപ്, സ്മിത എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ചു സംസാരിച്ചു. സുസ്ഥിര വികസനലക്ഷ്യം കൈവരിക്കുന്നതിനു ആർദ്രം മിഷൻ മാനസികാരോഗ്യരംഗത്തു നടത്തുന്ന പ്രവർത്തനങ്ങളുടെ അനുബന്ധമാണ് ഈ പരിപാടി. കിലയും തിരുവനന്തപുരം മെഡിക്കൽ കോളജിലെ സൈക്കോളജി വിഭാഗവുമാണ് ഇതിനുള്ള സാങ്കേതികസഹായം നൽകുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ ജനകീയാസൂത്രണപരിപാടിയിലുൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. വിദ്യാർത്ഥികൾ, അയൽക്കൂട്ടങ്ങൾ, വയോജനക്ലബ്ബുകൾ, വിവിധ തൊഴിൽ ഗ്രൂപ്പുകൾ കൗമാരപ്രായക്കാർ എന്നിവർക്കു പ്രത്യേക മാനസികാരോഗ്യബോധൽവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ബ്ലോക്ക് തലത്തിൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കും. സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ മാനസികാരോഗ്യ പരിപാലനകേന്ദ്രം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.



കിലയിൽ സംഘടിപ്പിച്ച മൃദുല വൈദഗ്ദ്ധ്യ വികസന പരിശീലനപരിപാടിയിൽ
കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു

# കാര്യക്ഷമമായ ഭരണനിർവഹണത്തിനു മൃദുല വൈദഗ്ദ്ധ്യ വികസന പരിശീലനം

**കൂട്ടായ** പ്രവർത്തനങ്ങളിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കാര്യക്ഷമമായ ഭരണനിർവഹണം ലക്ഷ്യമിട്ടുകൊണ്ടുള്ള മൃദുല വൈദഗ്ദ്ധ്യ വികസന പരിശീലനം കിലയിൽ തുടങ്ങി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഒരുമിച്ച് പരിശീലനം നൽകുന്നു എന്നത് ഇതിന്റെ പ്രത്യേകതയാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ മുഖ്യ കാര്യദർശി എന്ന നിലയിൽ അദ്ധ്യക്ഷന്മാരുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു അനിവാര്യഘടകമാണ് മൃദുല വൈദഗ്ദ്ധ്യ വികസനം. നേതാവിന്റയും നേതൃത്വത്തിന്റെയും അനിവാര്യതയും പ്രാധാന്യവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകളെ നയിക്കുന്നവർക്കു നല്ല നേതൃത്വഗുണം ഒഴിച്ചുകൂടാനാവാത്തതാണ്. തങ്ങളുടെ വൈദഗ്ദ്ധ്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് പരിശീലന പങ്കാളികൾക്കുതന്നെ സ്വയം തിരിച്ചറിയാൻ അവസരമുണ്ടെന്നത് ഈ പരിശീലനത്തിന്റെ മറ്റൊരു സവിശേഷതയാണ്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കോഴ്സ് കോർഡിനേറ്റർ കെ.പി.എ ഹാഷിം എന്നിവർ സംസാരിച്ചു. നാൽപതു ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരും സെക്രട്ടറിമാരുമാണ് മൂന്നുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്. ഡോ.ബിജു എസ്.കെ, ആൽജോ സി.ചെറിയാൻ, സഞ്ജയ്പ്രഭു, ജോസഫ് ജോൺ, ഡോ.ഷീബാ സ്റ്റീഫൻ, ഡോ.സാബുവർഗീസ്, ഡോ.ജിബിനി, ഡോ.വിനോദ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.




ഗ്രാമപഞ്ചായത്തുകളെ പരിസ്ഥിതി സൗഹൃദമാക്കാൻവേണ്ടിയുള്ള
ബൃഹദ് കാര്യശേഷിവികസന പരിപാടിയുടെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

# ഗ്രാമപഞ്ചായത്തുകളെ പരിസ്ഥിതി സൗഹൃദമാക്കാൻ

**ഗ്രാമപഞ്ചായത്തുകളെ** പരിസ്ഥിതി സൗഹൃദമാക്കാൻവേണ്ടിയുള്ള ബൃഹദ് കാര്യശേഷിവികസന പരിപാടിയുടെ ഭാഗമായ ആദ്യഘട്ട പരിശീലനത്തിനു കിലയിൽ തുടക്കമായി. കിലയും പരിസ്ഥിതി-കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റും സംസ്ഥാന ജൈവവൈവിധ്യബോർഡും സംയുക്തമായി മൂന്നു ഘട്ടങ്ങളിലായിട്ടാണ് പരിശീലനം നടത്തുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ജൈവവൈവിധ്യ ബോർഡ് അംഗങ്ങൾ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. കില അസോ.പ്രൊഫ.ഡോ.ജെ.ബി. രാജൻ ആമുഖാവതരണം നടത്തി. പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യം, മേഖലാതല അവസ്ഥയും പ്രത്യാഘാതങ്ങളും, കൃഷി, കന്നുകാലി വളർത്തൽ, കുടിവെള്ളം, ആരോഗ്യം, ശുചിത്വം, മാലിന്യപരിപാലനം, ജൈവവൈവിധ്യ പ്രദേശങ്ങൾ, ദുരന്തനിവാരണം, മനുഷ്യ-വന്യജീവി സംഘട്ടനങ്ങൾ, പഞ്ചായത്ത് തലത്തിൽ കർമ്മപരിപാടി തയ്യാറാക്കൽ, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ദ്വിദിന പരിശീലനം. ഡോ.കെ.വി.വർമ്മ, നിർമ്മല സാനുജോർജ്, ഡോ.വിനോദ്, ഡോ.പ്രീത, വിനോദ്കുമാർ (മൈത്രി) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

## ചോദ്യങ്ങൾക്കു മറുപടി

? സ്കൂൾ വിദ്യാർത്ഥികൾക്കു സൈക്കിൾ നൽകുന്ന പദ്ധതിയുണ്ട്.ഇത് ആർക്കൊക്കെ നൽകാം. എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഈ പദ്ധതി ഏറ്റെടുക്കാമോ?

● പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നതും 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്കു സ്കൂൾ അധികൃതർ മുഖേന സൈക്കിൾ വിതരണം ചെയ്യാം. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്നോ മറ്റേതെങ്കിലും വകുപ്പിൽനിന്നോ ഒരിക്കൽ ഈ സഹായം ലഭിച്ചവർക്കു നൽകാൻ പാടില്ല. ഒരു വിദ്യാർത്ഥിക്കു ഒരിക്കൽ മാത്രമേ ഈ സഹായത്തിനു അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരു കുടുംബത്തിൽ ഒന്നിലേറെ വിദ്യാർത്ഥികളുണ്ടെങ്കിൽ അവർ അർഹരാണെങ്കിൽ നൽകുന്നതിനു തടസ്സമില്ല. നിർദ്ധന കുടുംബാംഗങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. ഗ്രാമപഞ്ചായത്തും നഗരസഭകളുമാണ് പദ്ധതി ഏറ്റെടുക്കേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടും അറിവോടും കൂടി ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്കു പങ്കാളികളാകാവുന്നതാണ്.(സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 80/2017 തസ്വഭവ.3.4.17 ഖണ്ഡിക 11.8(5)),ജി.ഒ.ആർ.ടി 1683/17 തീയതി.23.5.17

? സാമൂഹ്യസുരക്ഷാപെൻഷന് വരുമാനം നിശ്ചയിക്കാൻ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ആവശ്യമാണോ?

● സാമൂഹ്യസുരക്ഷാ പെൻഷന്റെ അപേക്ഷയിൽ അന്വേഷണം നടത്താനും അർഹത നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കാനും ഓരോ ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് അന്വേഷണ റിപ്പോർട്ട് ആവശ്യമാണ്. എന്നാൽ വരുമാനത്തിന്റെ കാര്യത്തിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാനസാക്ഷ്യപത്രം മാത്രം പരിഗണിച്ചാൽ മതി എന്ന് ഉത്തരവുണ്ട്. (സ.ഉ(സാധാ)6060/2017/തീയതി.1.8.17)

? ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ പ്രസിഡന്റ്,വൈസ് പ്രസിഡന്റ് എന്നിവരുടെ അസാന്നിദ്ധ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനു അദ്ധ്യക്ഷനാകാൻ പററുമോ?

● ഇല്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതു ബ്ലോക്ക് പഞ്ചായത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽനിന്നാണ്.ബ്ലോക്ക്പഞ്ചായത്തിന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട അംഗം തന്നെയായിരിക്കണം.ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനു യോഗത്തിൽ പങ്കെടുക്കാം. ചർച്ചയിൽ പങ്കെടുക്കാനും മറ്റും അർഹതയുണ്ടായിരിക്കും. അവിശ്വാസം, തെരഞ്ഞെടുപ്പ് എന്നീ യോഗങ്ങളിൽ വോട്ടവകാശമില്ല. മററു ചർച്ചകളിലും ക്വാറത്തിന്റെ കാര്യത്തിലും വോട്ടിംങ്ങിലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനു പങ്കെടുക്കാം.

? ടി.ടി.സി, ബി,ഫാം എന്നീ കോഴ്സുകൾക്കു സ്കോളർഷിപ്പ് അനുവദിക്കാമോ?

● പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു മറ്റെല്ലാ കോഴ്സുകൾക്കും 15,000/-രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കാം എന്ന വ്യവസ്ഥയിൽ പ്പെടുത്തി മെറിറ്റോറിയസ് ആയ എല്ലാ എസ്.സി.,എസ്.ടി വിദ്യാർത്ഥികൾക്കും നൽകാവുന്നതാണ്.

? ടാക്സി കാർ വാങ്ങുന്നതിനു ധനസഹായം നൽകാമെന്നു പറയുന്നു. അത് എങ്ങനെയാണ് നൽകേണ്ടത്?

● തൊഴിൽരഹിതരായവരും പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പ്പെട്ടവരുമായ 18 നും 50 നും മദ്ധ്യേ പ്രായമുള്ളവർക്കു ഒരു തൊഴിൽ ഉപാധിയെന്ന നിലയിൽ ടാക്സി കാർ/പിക്കപ്പ്വാൻ എന്നിവ വാങ്ങുന്നതിനു വാഹനവിലയുടെ 33 1/3 ശതമാനം തുക (പരമാവധി രണ്ടുലക്ഷം രൂപ) ധനസഹായം നൽകാം. ഈ തുക ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. ഗ്രാമ-നഗരസ്ഥാപനങ്ങൾക്കു പദ്ധതി ഏറ്റെടുക്കാം. ഒരു കുടുംബത്തിനു ഒരു തവണ മാത്രമേ ഈ സഹായം നൽകാൻ പാടുള്ളൂ.ഗുണഭോക്താവ് നിലവിൽ വാഹനമുള്ളവരാകരുത്.(സബ്സിഡി മാർഗ്ഗരേഖ80/2017 തസ്വഭവ.തീയതി.3.4.17 ഖണ്ഡിക 8.7)

? മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനു പദ്ധതി വയ്ക്കുമ്പോൾ 50 ശതമാനം സബ്സിഡി നൽകാനാണ് മാർഗ്ഗരേഖയിൽ പറയുന്നത്.എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, ഹെൽത്ത് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഇത്തരം സംവിധാനം ഒരുക്കേണ്ടിവരുമ്പോൾ 50 ശതമാനം തുക എങ്ങനെ ലഭ്യമാക്കും?

● സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 50 ശതമാനമാണ് നൽകാവുന്നത്.

എന്നാൽ പൊതുസ്ഥാപനങ്ങളിൽ മാലിന്യസംവിധാനം ഒരുക്കുമ്പോൾ അതു 100 ശതമാനം തുകയും തദ്ദേശസ്ഥാപനത്തിൽനിന്നു സബ്സിഡിയായി നൽകാവുന്നതാണ്.(സ.ഉ.(സാധാ)3687/2017 തസ്വഭവ.15.11.2017)

? ധനകാര്യകമ്മീഷന്റെ ഗ്രാന്റ് ഉപയോഗിക്കുമ്പോൾ നിബന്ധന പ്രകാരം റോഡ് പരിപാലനം ചെയ്യാമെന്നു പറയുന്നു. എന്നാൽ റോഡ് കോൺക്രീറ്റു ചെയ്യരുതെന്നു ഉത്തരവായിട്ടുണ്ട്.തദ്ദേശസ്ഥാപനങ്ങളിലെ ചില റോഡുകളിൽ വെള്ളം കുത്തിയൊഴുകുന്ന ഭാഗങ്ങളിൽ അത്യാവശ്യമായും കോൺക്രീറ്റ് ചെയ്യേണ്ടതായി വരും. ഈ സാഹചര്യത്തിൽ ധനകാര്യകമ്മീഷന്റെ ഗ്രാൻറ് ഉപയോഗിച്ചു ചെയ്യുന്ന റോഡു പരിപാലന പ്രവൃത്തിയാണെങ്കിൽ എന്തു ചെയ്യാൻ കഴിയും?

● കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റും ടാറിംഗും പാടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ നിലവിലെ റോഡിൽ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി ടാറിഗും കോൺക്രീറ്റിംഗും ആവശ്യമാണെന്നു ചുമതലപ്പെട്ട എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ അവ ചെയ്യാവുന്നതാണ്.(സർക്കുലർ നമ്പർ ഡി.എ1/859/2017/തസ്വഭവ.10.11.2017)

? ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനത്തിൽ മാറ്റം വരുത്താൻ ഭരണസമിതിക്കു അധികാരമുണ്ടോ?

● ഉണ്ട്.സ്റ്റാൻഡിംഗ് കമ്മിറ്റി പാസ്സാക്കുന്ന ഏതൊരു പ്രമേയവും പഞ്ചായത്തിന്റെ/നഗരസഭയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതും ആവശ്യമുള്ള പക്ഷം പഞ്ചായത്തുകമ്മിറ്റിക്കു/നഗരസഭ കൗൺസിലിനു അതിൽ വേണ്ട മാറ്റം വരുത്താൻ അധികാരമുണ്ടായിരിക്കുന്നതുമാണ്.(കെ.പി.ആർ വകുപ്പു 162 എ.(3)കെ.എം.വകുപ്പു 22(3))

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്പ് ഡെസ്ക്. ഫോൺ നമ്പർ–0487 2455000**

## പ്രാദേശികഭരണത്തെക്കുറിച്ച് പരിശീലനം

**സി**വിൽ സർവീസിനു തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കു പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് കിലയിൽ മൂന്നു ദിവസത്തെ പരിശീലനം നൽകി. പൊന്നാനിയിലെ ഇൻസ്ററിറ്റ്യൂട്ട് ഓഫ് കരിയർ സറ്റഡീസ് ആന്റ് റിസർച്ചിലെ 75 വിദ്യാർത്ഥികളാണ് പരിശീലനത്തിനെത്തിയത്. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു.സിവിൽ സർവീസ് അക്കാദമിയിലെ പ്രൊഫ.ടി.വൈ.അരവിന്ദാക്ഷൻ ആമുഖാവതരണം നടത്തി.ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ്, കെ.വി.മോഹൻകുമാർ, ടി.രാധാകൃഷ്ണൻ, ഡോ.ഷീബ സ്റ്റീഫൻ, ഡോ.ബിജു ലക്ഷ്മൺ, ഡോ.എസ്.വിനോദ്, ഹരിതകേരളം മിഷൻ കൺസൽട്ടന്റ് ടി.പി.സുധാകരൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.



കോഴിക്കോട് ജില്ലയെ ബാലസൗഹൃദ ജില്ലയാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചനാ ശില്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികൾ

# കോഴിക്കോടിനെ ബാലസൗഹൃദ ജില്ലയാക്കാൻ കിലയിൽ കൂടിയാലോചനാ ശില്പശാല

**കോഴി**ക്കോട് ജില്ലയെ ബാലസൗഹൃദ ജില്ലയാക്കുന്നതുമായി ബന്ധപ്പെട്ട കൂടിയാലോചനകൾക്കായി ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ പങ്കെടുത്ത ഏകദിന ശില്പശാല കിലയിൽ സംഘടിപ്പിച്ചു. ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളിലേയും നഗരസഭകളിലേയും കോർപ്പറേഷനിലേയും അദ്ധ്യക്ഷന്മാരും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരും ശില്പശാലയിൽ പങ്കെടുത്തു. 74 ഗ്രാമപഞ്ചായത്തുകളിൽനിന്നും 8 ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും 5 നഗരസഭകളിൽനിന്നും കോർപ്പറേഷനിൽനിന്നുമുള്ള 150 പേരാണ് ശില്പശാലയിൽ സംബന്ധിച്ചത്.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചർ അദ്ധ്യക്ഷയായിരുന്നു. കില പ്രൊഫ. ഡോ. സണ്ണി ജോർജ് സ്വാഗതം പറഞ്ഞു. കില റിസോഴ്സ് പേഴ്സൺ എം.ജി.കാളിദാസൻ ആമുഖാവതരണം നടത്തി. സ്ഥിതിവിവര കണക്കുകളെക്കുറിച്ചും കുട്ടികളുടെ കർമ്മപദ്ധതിയെക്കുറിച്ചും കെ.ജി. സജീവ് സംസാരിച്ചു. കോഴിക്കോട് ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്ററാ ൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുജാത മനയ്ക്കൽ ആശംസകളർപ്പിച്ചു.



കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും ആസൂത്രണ പ്രക്രിയയെക്കുറിച്ചും ചർച്ച ചെയ്യുന്നതിനു കിലയിലെത്തിയ യൂണിസെഫ് പ്രോഗ്രാം സ്പെഷലിസ്റ്റ് സുമിത ദൗറ ഐ.എ.എസ് കില ഫാക്കൽറ്റികളോടൊപ്പം

# യൂണിസെഫ് സംഘം കിലയിൽ

**കേ**രളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും ആസൂത്രണ പ്രക്രിയയെക്കുറിച്ചും ചർച്ച ചെയ്യുന്നതിനും നേരിൽ കണ്ട് മനസ്സിലാക്കുന്നതിനുമായി ദെൽഹിയിലെ യൂണിസെഫ് പ്രോഗ്രാം സ്പെഷലിസ്റ്റ് സുമിത ദൗറ ഐ.എ.എസ് കിലയിലെത്തി. യൂണിസെഫ് ചെന്നൈ യൂണിറ്റിലെ അഖില രാധാകൃഷ്ണനും അവരോടൊപ്പമുണ്ടായിരുന്നു. കിലയിലെത്തിയ അവരെ കില ഫാക്കൽറ്റികളും മറ്റും ചേർന്നു സ്വീകരിച്ചു. കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് ഡോ.സണ്ണി ജോർജും പങ്കാളിത്ത ആസൂത്രണ പ്രക്രിയയെപ്പറ്റി ഡോ. ജെ.ബി.രാജനും ശിശുസൗഹൃദ പ്രാദേശികഭരണത്തെ സംബന്ധിച്ച് ഡോ.പീറ്റർ എം.രാജും പ്രാദേശിക സർക്കാരുകളുടെ പ്രത്യേക ഇടപെടലുകളെക്കുറിച്ച് എം.ജി. കാളിദാസനും വിശദീകരിച്ചു.

ചേർപ്പ്, അളഗപ്പനഗർ ഗ്രാമപഞ്ചായത്തുകളും തൃശ്ശൂർ ജില്ലാ പഞ്ചായത്തും സന്ദർശിച്ച യൂണിസെഫ് സംഘം അവിടങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.




ആലപ്പുഴ നഗരത്തിലെ പ്രധാന കനാലുകളിൽ മാലിന്യം നിറയ്ക്കാൻ കാരണമാകുന്ന ഉപ-കനാലുകളെക്കുറിച്ച് പഠിച്ച് ജനകീയ പരിഹാരം കാണാനുള്ള പദ്ധതി ജില്ലാ കലക്ടർ ടി.വി.അനുപമ ഉദ്ഘാടനം ചെയ്യുന്നു

## ആലപ്പുഴ കനാലുകളിലെ മാലിന്യം നീക്കാൻ പദ്ധതി തയ്യാറാകുന്നു

**ആ**ലപ്പുഴ നഗരത്തിലെ പ്രധാന കനാലുകളിൽ മാലിന്യം നിറയ്ക്കാൻ കാരണമാകുന്ന ഉപ കനാലുകളെക്കുറിച്ച് പഠിച്ച് ജനകീയ പരിഹാരം കാണാൻ കിലയും ബോംബെ ഐ.ഐ.ടിയും ചേർന്നുള്ള പദ്ധതിക്കു തുടക്കമായി. കറുകുറ്റി എസ്.സി.എം.സ് എഞ്ചിനീയറിംഗ് കോളജിന്റെ സഹകരണത്തോടെ പങ്കാളിത്ത സർവേയും ബോധവൽക്കരണവും നടത്തി.

ഐ.ഐ.ടി ശാസ്ത്രജ്ഞനായ എൻ.സി.നാരായണൻ കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. വാടക്കനാൽ, കച്ചവടക്കനാൽ, എ.എസ് കനാൽ എന്നിവിടങ്ങളിൽ മാലിന്യം എത്തിക്കുന്ന ഉപ-കനാലുകളുടെ പ്രവർത്തനരേഖ തയ്യാറാക്കി ജനങ്ങളെ ബോധവൽക്കരിച്ച് ഇതിനു പരിഹാരം കാണുന്നതാണ് പദ്ധതി.

കുടുംബശ്രീ, ആശാപ്രവർത്തകർ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, എന്നിവരെ പദ്ധതിയിൽ പങ്കാളികളാക്കും. ജില്ലാകലക്ടർ ടി.വി.അനുപമ ഉദ്ഘാടനം ചെയ്തു. നഗരസഭാദ്ധ്യക്ഷൻ തോമസ് ജോസഫ് അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, എൻ.സി.നാരായണൻ, നഗരസഭ കൗൺസിലർമാരായ സി.എസ്.ഷോളി, എം.ആർ.പ്രേം എന്നിവർ സംസാരിച്ചു. മന്ത്രി തോമസ് ഐസക് വീഡിയോ കോൺഫറൻസിലൂടെ ആശയം പങ്കുവച്ചു.



ബ്ലോക്ക് പഞ്ചായത്തുകളിലെ എക്സ്റ്റൻഷൻ ഓഫീസർമാർക്കു കൊട്ടാരക്കരയിലെ കില മാനവ വിഭവശേഷി വികസനകേന്ദ്രത്തിൽ സംഘടിപ്പിച്ച പരിശീലനം

## ബ്ലോക്ക് പഞ്ചായത്തുകളിലെ എക്സ്റ്റൻഷൻ ഓഫീസർമാർക്കു പരിശീലനം

**ബ്ലോ**ക്ക് പഞ്ചായത്തുകളിലെ ആസൂത്രണ-നിർവഹണ മോണിറ്ററിങ്ങിൽ ബ്ലോക്ക് പഞ്ചായത്തുകളിലെ എക്സ്റ്റൻഷൻ ഓഫീസർമാർക്കുള്ള മൂന്നുദിവസത്തെ പരിശീലനം കൊട്ടാരക്കരയിലെ കില മാനവ വിഭവശേഷി വികസന കേന്ദ്രത്തിൽ സംഘടിപ്പിച്ചു. കില കൊട്ടാരക്കര സെന്ററിലെ ഫാക്കൽറ്റി ഡോ.എസ്.വിനോദ് ആമുഖ പ്രഭാഷണം നടത്തി. കോർഡിനേറ്റർ കെ.ദിലീപ് കുമാർ പരിശീലനപരിപാടി വിശദീകരിച്ചു. നവകേരള മിഷനും ബ്ലോക്ക് പഞ്ചായത്തുകളും, ദാരിദ്ര്യനിർമ്മാർജന ഗ്രാമവികസനപദ്ധതികളുടെ സാധ്യതകൾ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, നൂതന പ്രോജക്ടുകളുടെ രൂപീകരണവും നിർവഹണവും, ഭാവി പ്രവർത്തനരൂപരേഖ തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. എസ്.ആർ.ജി. മെമ്പർ ജി.കെ.സദനരാജൻ, ബാലചന്ദ്രൻ നായർ, രാമചന്ദ്രൻ നായർ, ബൽരാജ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ നിന്നുള്ള 58 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്.


KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**